**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4290** **09-08-2021 - ൽ മറുപടിയ്ക്ക്**

**ചവറ ഐ.ഐ.ഐ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നിർമ്മാണമേഖലയിൽ രാജ്യാന്തര നിലവാരത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ചവറയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷന്റെ പ്രവർത്തനം പ്രതിസന്ധിയിലായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് കാല പ്രതിസന്ധി ലോകത്തെ വിദ്യാഭ്യാസ മേഖലയെ ആകെ ബാധിച്ച അവസരത്തിൽ ഐ.ഐ.ഐ.സിയെയും വളരെ സാരമായി തന്നെ ബാധിച്ചു. 2019-2020 കാലഘട്ടങ്ങളിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ ജോലി ഉറപ്പാക്കാൻ ബുദ്ധിമുട്ടുകൾ നേരിട്ടു. 2020 മാർച്ച് മുതലുള്ള പതിനഞ്ചു മാസങ്ങളിൽ ആകെ നാല് മാസമാണ് സ്ഥാപനത്തിന് തുറന്നു പ്രവർത്തിക്കാൻ സാധിച്ചത്. പ്രായോഗിക പരിശീലന ക്ലാസ്സുകളും തൊഴിലിടങ്ങളിൽ നിന്നുള്ള നേരിട്ടുള്ള പരിശീലനവുമായിരുന്നു ഐ.ഐ.ഐ.സിയെ മറ്റു സ്ഥാപനങ്ങളിൽ നിന്ന് വ്യത്യാസ പ്പെടുത്തുന്നത് ഈ ഘട്ടത്തിലും ഓൺലൈൻ പഠന പരിപാടികളിലൂടെ തിയറി ക്ലാസ്സുകളും നിർമ്മാണ തൊഴിലിടങ്ങൾ ഉപയോഗ പ്പെടുത്തി പ്രായോഗിക പരിശീലനങ്ങളും പൂർത്തിയാക്കാൻ സാധിച്ചു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർഥികൾക്ക് ആവശ്യമായ പരിശീലനമോ നിയമനമോ ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | കോവിഡ് കാല പ്രതിസന്ധി ലോകത്തെ വിദ്യാഭ്യാസ മേഖലയെ ആകെ ബാധിച്ച അവസരത്തിൽ ഐ.ഐ.ഐ.സിയെയും വളരെ സാരമായി തന്നെ ബാധിച്ചു. 2019-2020 കാലഘട്ടങ്ങളിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ ജോലി ഉറപ്പാക്കാൻ ബുദ്ധിമുട്ടുകൾ നേരിട്ടു. 2020 മാർച്ച് മുതലുള്ള പതിനഞ്ചു മാസങ്ങളിൽ ആകെ നാല് മാസമാണ് സ്ഥാപനത്തിന് തുറന്നു പ്രവർത്തിക്കാൻ സാധിച്ചത്. പ്രായോഗിക പരിശീലന ക്ലാസ്സുകളും തൊഴിലിടങ്ങളിൽ നിന്നുള്ള നേരിട്ടുള്ള പരിശീലനവുമായിരുന്നു ഐ.ഐ.ഐ.സിയെ മറ്റു സ്ഥാപനങ്ങളിൽ നിന്ന് വ്യത്യാസ പ്പെടുത്തുന്നത് ഈ ഘട്ടത്തിലും ഓൺലൈൻ പഠന പരിപാടികളിലൂടെ തിയറി |

| | | | |
|---|---|---|---|
| | | | ക്ലാസ്സുകളും നിർമ്മാണ തൊഴിലിടങ്ങൾ ഉപയോഗ പ്പെടുത്തി പ്രായോഗിക പരിശീലനങ്ങളും പൂർത്തിയാക്കാൻ സാധിച്ചു. |
| (സി) | പ്രസ്തുത സ്ഥാപനത്തെ സർക്കാർ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (സി) | സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) ഒരു മികവിന്റെ കേന്ദ്രമാണ് IIIC. അന്താരാഷ്ട്ര സ്ഥാപനങ്ങളും വ്യാവസായിക കൂട്ടായ്മകളും വിദഗ്ദ്ധരുമായി ചേർന്ന് നൈപുണ്യ വികസനത്തിനും തൊഴിൽ സാധ്യത യ്ക്കുമായി ദീർഘകാലം നിലനിൽക്കുന്ന ബന്ധം സ്ഥാപിക്കുക എന്നതാണ് മികവിന്റെ കേന്ദ്രങ്ങളിലൂടെ ലക്ഷ്യമാക്കു ന്നത്. ഇത്തരം മാതൃകകളിലെല്ലാം തന്നെ ഇതിനാവശ്യമായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ KASE നൽകുകയാണ് ചെയ്യുന്നത്. എന്നാൽ പരിശീലനം, സർട്ടിഫിക്കേഷൻ, വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെയുള്ള നിയമനം എന്നിവ വ്യാവസായിക പങ്കാളികളുടെ ചുമതല യാണ്. ആയതിനാൽ KASE ന്റെ മികവിന്റെ കേന്ദ്രങ്ങൾ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പിലൂടെയാണ് പ്രവർത്തി ക്കുന്നത്. പ്രസ്തുത സ്ഥാപനത്തെ സർക്കാർ ഏറ്റെടുക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ